ശ്രീ. പിണറായി വിജയൻ: സർ, അതിവേഗതയിൽ തന്നെ അക്കാര്യങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. തീയതി ഇപ്പോൾ പറയുന്നില്ല. അതിവേഗത്തിൽത്തന്നെ പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

III സബ്മിഷൻ

മി. സ്പീക്കർ: സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങൾ വളരെ ചുരുക്കി അവതരിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും വളരെ ചുരുക്കി മറുപടി പറയണം.

(1) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. സി. സി. മുകുന്ദൻ: സർ, തൃശ്ശൂർ ജില്ലയിലെ കോൾ പാടങ്ങളെ ഉപ്പുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനും കുരുവന്നൂർ പുഴയിൽ ഉപ്പുവെള്ളം കയറാതെയിരിക്കുന്നതിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന പദ്ധതിയാണ് കുരുവന്നൂർ പുഴയ്ക്ക് കുറുകെ 82 മീറ്റർ നീളത്തിൽ വിഭാവനം ചെയ്തിരിക്കുന്ന മുനയം റെഗുലേറ്റർ-കം ബ്രിഡ്ജ്. പ്രസ്തുത പ്രവൃത്തിക്കായി നബാർഡ് - ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി 24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രധാന പ്രവൃത്തിക്കനുബന്ധമായുള്ള നദിയുടെ സംരക്ഷണഭിത്തിയുടെയും അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും കൾവർട്ടിന്റെയും ഡിസൈൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുന്നതിന് ആവശ്യമായ അപേക്ഷയും ഡാറ്റയും നൽകുന്നതിന് വർഷങ്ങളായിട്ടും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-II)-ന് സാധിച്ചിട്ടില്ല. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുള്ള ഒന്നരക്കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടില്ല. ഓരോ വർഷവും താൽക്കാലിക ബണ്ട് നിർമ്മാണത്തിനായി നൂറ് കണക്കിന് ലോഡ് ചുവന്ന മണ്ണ് ആവശ്യമായിവരുന്നുണ്ട്. ഈ ഇനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് സർക്കാരിന് നഷ്ടം സംഭവിക്കുന്നത്. പലപ്പോഴും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുകയുമില്ല. മഴക്കാലത്തിനുമുമ്പ് ബണ്ട് പൊട്ടിച്ചില്ലെങ്കിൽ വെള്ളപ്പൊക്കമുണ്ടാകും. ചില ഉദ്യോഗസ്ഥരുടെ കൃത്യവിലോപമാണ് സർക്കാരിന്റെ അഭിമാന പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈനും അപ്രോച്ച് റോഡിനുള്ള ഭരണാനുമതിയും നൽകി പദ്ധതി അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കരുവന്നൂർ പുഴയ്ക്ക് കുറുകെ തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തെയും ഇരിങ്ങാലക്കുട

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലത്തെയും ബന്ധിപ്പിച്ചാണ് 80 മീറ്റർ നീളത്തിൽ മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നത്. ഈ പ്രവൃത്തിക്കായി നബാർഡ്-ആർ.ഐ.ഡി.എഫ്. സ്കീമിലുൾപ്പെടുത്തി 03-01-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം 24 കോടി രൂപയുടെ ഭരണാനുമതിയും 22.593 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സിവിൽ പ്രവൃത്തികൾക്കായി 14.04 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 22-02-2020-ൽ കരാറിലേർപ്പെടുകയും 18 മാസത്തെ പൂർത്തീകരണ കാലാവധിയോടുകൂടി പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തികൾക്കായി 28-02-2020-ൽ മെക്കാനിക്കൽ കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറി. എന്നാൽ കോവിഡ്-19 മഹാമാരിയോടനുബന്ധിച്ചുള്ള ലോക്ഡൗൺ കാരണം ലക്ഷ്യമിട്ട രീതിയിൽ നിർമ്മാണം നടത്താൻ കഴിഞ്ഞില്ല. പ്രസ്തുത പ്രവൃത്തികൾക്കായി റോഡിനുവേണ്ടി 0.2243 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് ലാൻഡ് പ്ലാൻ തയ്യാറാക്കുകയും 16-10-2020-ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ സ്ഥലം കൈമാറാൻ സമ്മതപത്രം നല്കിയ വസ്തു ഉടമകളിലെ ഒരാൾ തന്റെ ബാക്കിയുള്ള വസ്തുവിലേയ്ക്ക് ആർ.സി.ബി. (റെഗുലേറ്റർ-കം-ബ്രിഡ്ജ്)

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണംമൂലം പ്രവേശനം ഇല്ലാതാകുമെന്ന കാരണത്താൽ പ്രസ്തുത സ്ഥലം കൂടി ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ലാൻഡ് പ്ലാൻ തയ്യാറാക്കുന്നതിന് 29-01-2021-ന് സർവ്വെ നടത്തിയിരുന്നു. പുതുക്കിയ സ്ഥലമെടുപ്പിനായി ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-II) 01-06-2021-ൽ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. സ്ഥലമെടുപ്പിനായുള്ള വിജ്ഞാപനത്തിനുശേഷം സാമൂഹികാഘാത പഠനത്തിനായി കളമശ്ശേരി കോളേജ് ഓഫ് സയൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലാൻഡ് പ്ലാൻ തയ്യാറാക്കുന്നതിൽ ഭൂമി കൂടുതലായി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷമുണ്ടായ ജലനിരപ്പ് കണക്കാക്കി അധികമായി ഒഴുകിവരുന്ന ജലംകൂടി കടത്തിവിടാനായി തയ്യാറാക്കിയ 3.95 മീറ്റർ പാതയോടുകൂടിയ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതിയ ഡിസൈനിന് 2020 നവംബർ മാസത്തിൽ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) അംഗീകാരം നൽകിയിട്ടുണ്ട്. പ്രധാന പ്രവൃത്തിക്കുബന്ധമായുള്ള നദിയുടെ സംരക്ഷണഭിത്തി നിർമ്മാണത്തിന്റെയും അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും ഡിസൈൻ തയ്യാറാക്കിവരുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് റിവൈസ്ഡ്

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റിമേറ്റിനുള്ള അംഗീകാരം നൽകി 2021 ഒക്ടോബർ മാസം പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(2) ശമ്പള പരിഷ്കരണം

ശ്രീ. എം. രാജഗോപാലൻ: സർ, മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളകുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. ആചാരസ്ഥാനികളുടെയും കോലധാരികളുടെയുമെല്ലാം ധനസഹായം വർദ്ധിപ്പിച്ച സർക്കാരാണിത്. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 2019 ജനുവരി മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചത്. മലബാർ ദേവസ്വം ബോർഡിനുകീഴിലെ ഏഴായിരത്തോളം ജീവനക്കാരിൽ സർക്കാർ സഹായത്തോടെ ശമ്പളം നൽകുന്നത് 75% പേർക്കാണ്. 25% ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽനിന്നുമാണ് ശമ്പളം നൽകിവരുന്നത്. സമൂഹത്തിൽ ഏറെ അവഗണിക്കപ്പെടുന്നവരും എന്നാൽ ഈ സർക്കാരിൽ ഏറെ പ്രതീക്ഷയുള്ളവരുമാണ് ഈ വിഭാഗം. ജീവിതം തന്നെ ആചാരാനുഷ്ഠാനങ്ങൾക്കും ക്ഷേത്ര സംരക്ഷണത്തിനും വേണ്ടി മാറ്റിവച്ചവരാണിവർ. കോവിഡ് കാലത്തെ പ്രതിസന്ധികൂടി വന്നതോടെ

LIBRARY ARCHIVES Kerala Legislative Assembly